# എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ നടപടിക്രമം

***ഹാജർ : ഡോ. കുട്ടിക്കൃഷ്ണൻ എ.പി.***

വിഷയം : എസ്.എസ്.എ.–കേരളം – 2017–18 പ്രവേശനോത്സവം – സംഘാടനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 09–05–2917–ൽ സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം നമ്പർ 13

## ഉത്തരവ് നമ്പർ പി.1–1603/2017/എസ്.എസ്.എ. തീയതി 10/05/2017

2017 –18 അക്കാദമിക വർഷത്തെ പ്രവേശനോത്സവം നടത്തുന്നത് സംബന്ധിച്ച മാർഗ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് കൃത്യമായി പാലിച്ച് പ്രവേശനോത്സവം സംഘടിപ്പിക്കാൻ ഉത്തരവാകുന്നു.

1. സംസ്ഥാനം, ജില്ല, ബി ആർ സി , പഞ്ചായത്ത്, സ്കൂൾ എന്നിങ്ങനെ അഞ്ചു തലങ്ങളിലാണ് പ്രവേശനോത്സവ പരിപാടികൾ സംഘടിപ്പിക്കേണ്ടത്.
2. സാമൂഹികനവോത്ഥാന പ്രസ്ഥാനങ്ങളുടെയും മഹദ്വ്യക്തികളുടെയും നേതൃത്വത്തിൽ ആരംഭിച്ച വിദ്യാലയങ്ങൾ ജില്ലാതല പ്രവേശനോത്സവത്തിന് പരിഗണിക്കാവുന്നതാണ്. നവകേരളസൃഷ്ടിക്കായുള്ള പ്രവർത്തനധാരയുടെ ഭാഗമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന സന്ദേശം പ്രതിഫലിപ്പിക്കുന്നതാകണം പ്രവേശനോത്സവ സംഘാടനവും
3. എൽ പി വിഭാഗമുള്ള സ്കൂളുകളിലാകണം വിവിധ തലങ്ങളിലെ പ്രവേശനോത്സവം സംഘടിപ്പിക്കേണ്ടത്
4. ജില്ലാതല പ്രവേശനോത്സവത്തിനു തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങളിൽ ശാസ്ത്ര വിസ്മയച്ചുമർ, ഗണിതാന്തരീക്ഷം ഒരുക്കൽ, ഇംഗ്ലീഷ് മാജിക് വാൾ, ക്ലാസ് വായനാമൂല. ഒന്നാം ക്ലാസിൽ പഠനാന്തരീക്ഷം ഒരുക്കൽ എന്നിവ ക്രമീകരിക്കണം.
5. ബി ആർ സി തല പ്രവേശനോത്സവത്തിനായി തെരഞ്ഞെടുക്കുന്ന വിദ്യാലയത്തിൽ ശാസ്ത്ര വിസ്മയച്ചുമർ, ഗണിതാന്തരീക്ഷം ഒരുക്കൽ, ഇംഗ്ലീഷ് മാജിക് വാൾ, ക്ലാസ് വായനാമൂല. ഒന്നാം ക്ലാസിൽ പഠനാന്തരീക്ഷം ഒരുക്കൽ എന്നിവയിലെതെങ്കിലും ഒന്ന് യാഥാർഥ്യമാക്കണം.
6. പഞ്ചായത്ത് തല പ്രവേശനോത്സവം ഒരുക്കുന്ന വിദ്യാലയത്തിൽ ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകവും പഠനോപകരണസമൃദ്ധവുമാക്കുന്നതിനു നടപടി സ്വീകരിക്കണം
7. പ്രവേശനോത്സവദിനത്തിൽ വിദ്യാലയം ഏറ്റെടുക്കാൻ പോകുന്ന അക്കാദമിക പദ്ധതികളുടെ അവതരണം നടത്തണം.
8. പ്രവേശനോത്സവ സംഘാടനത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കണം

9. പ്രവേശനോത്സവത്തിന് വൈവിധ്യമാർന്നതും പ്രകൃതിസൗഹൃദവുമായ അലങ്കാരങ്ങളാണ് നടത്തേണ്ടത്

10. കുട്ടികളെ വരവേൽക്കൽ അത്യാകർഷകമാക്കുന്നതിന് സമൂഹപങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യണം

11. പ്രവേശനോത്സവദിനത്തിൽ എസ് എസ് എ തയ്യാറാക്കിയ ശാലാസിദ്ധി രേഖ വിദ്യാലയത്തിനു കൈമാറണം. പഠനനേട്ടങ്ങളുടെ കലണ്ടറിന്റെ പ്രകാശനം നടക്കണം. ക്ലാസ് പി ടി എ ചേരുന്നതിനും പഠനനേട്ടങ്ങളുടെ കലണ്ടർ പരിചയപ്പെടുത്തുന്നതിനും ക്രമീകരണം നടത്തണം. ഏതെങ്കിലും കാരണവശാൽ ക്ലാസ് പി ടി എ ചേരാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത ദിവസം ചേരേണ്ടതാണ്.

12. പ്രവേശനോത്സവദിവസം രണ്ടുമുതൽ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ കഴിവുകളുടെ പ്രകാശനത്തിന് വേദി ഒരുക്കണം. കുട്ടികൾ ക്ലാസ് തലത്തിലോ പൊതുവായോ പരിപാടികൾ അവതരിപ്പിക്കണം.

13. പുതുതായി പ്രവേശിക്കപ്പെടുന്ന കുട്ടികളുടെ താല്പര്യം പരിഗണിച്ചാവണം പരിപാടികൾ. ദീർഘപ്രസംഗങ്ങൾക്കു പകരം കുട്ടികളുമായി സംവദിക്കുന്ന അവതരണങ്ങൾക്ക് പ്രാധാന്യം നൽകണം

14. ജില്ലാതല പ്രവേശനോത്സവം നടത്തുന്ന വിദ്യാലയങ്ങളിൽ ജില്ലാതല മികവുകളുടെ പ്രദർശനം ഒരുക്കാവുന്നതാണ്

15. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, അധ്യാപകസംഘടനകൾ എന്നിവരുടെ പങ്കാളിത്തം എല്ലാ തലങ്ങളിലും ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

16. പ്രവേശനോത്സവത്തിനു മുന്നോടിയായി പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ ചേരണം.

17. സ്കൂൾ തലത്തിൽ എസ് എം സിയും വിദ്യാലയ വികസനസമിതിയും കൂടി പ്രവേശനോത്സവം, പരിസ്ഥിതിദിനാചരണം , ജൂൺമാസ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യണം

18. ജില്ലാതല പ്രവേശനോത്സവം എവിടെ നടത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡി ഡി ഇ, ഡയറ്റ് പ്രിൻസിപ്പൽ, ഡി പി ഒ എന്നിവർ കൂട്ടായി ആലോചിച്ച് തീരുമാനം എടുക്കേണ്ടതാണ്.

19. എല്ലാ തലങ്ങളിലും സ്വാഗതസംഘം ചേരണം

20. പ്രവേശനോത്സവത്തിന്റെ പോസ്റ്റർ സംസ്ഥാനതലത്തിൽ തയ്യാറാക്കി നൽകുന്നതാണ്. ജില്ലാ തല പ്രവേശനോത്സവത്തിനും ഇതേ പോസ്റ്റർ ഉപയോഗിച്ചാൽ മതിയാകും.

21. പ്രവേശനോത്സവത്തിനു ഉപയോഗിക്കേണ്ട ബാനർ സംസ്ഥാന തലത്തിൽ രൂപകല്പന ചെയ്തു നൽകും. ഓരോ വിദ്യാലയത്തിനും (എൽ പി വിഭാഗമുള്ളവ) രണ്ടു ബാനർ വീതം ജില്ലാതലത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്.

22. പ്രവേശനോത്സവ പരിപാടി തയ്യാറാക്കുമ്പോൾ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്

23. ആവശ്യമായ പ്രചരണം നടത്തണം

24. സംസ്ഥാനതല പ്രവേശനോത്സവം വീഡിയോ റിക്കാർഡിംഗ് നടത്തി ഷാഗൂണിൽ അപ് ലോഡ് ചെയ്യേണ്ടതാണ്

25. പ്രവേശനോത്സവ ഗാനത്തിന്റെ സി.ഡി. സംസ്ഥാനതലത്തിൽ തയ്യാറാക്കി ജില്ല കൾക്ക് നൽകുന്നതാണ്. ആയത് ജില്ലകൾ എല്ലാ വിദ്യാലയങ്ങളിലും മുൻകൂട്ടി എത്തിക്കേണ്ടതാണ്.

26. ധനവിനിയോഗമാനദണ്ഡം

| | | | |
|---|---|---|---|
| 1. | സ്കൂൾ തലം | – | 1000 രൂപ |
| 2. | പഞ്ചായത്ത് തല | – | 2000 രൂപ |
| 3. | ബി ആർ സി തലം | – | 5000 രൂപ |
| 4. | ജില്ലാതലം | – | 25000 രൂപ |

പ്രസ്തുത തുക കമ്മ്യൂണിറ്റി മൊബലൈസേഷൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ജില്ലാതലത്തിൽ ആസൂത്രണയോഗം കൂടി ഓരോ തലത്തിലുമുള്ള ധനവിനിയോഗവും പ്രവേശനോത്സവ സംഘാടനവും എങ്ങനെ നടത്തണമെന്നതിനെക്കുറിച്ച് തീരുമാനമെടുത്ത് ജില്ലാ പ്രോജക്ട് ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. എല്ലാതലങ്ങളിലും ഡോക്യുമെന്റേഷൻ നിർബന്ധമായും ഭംഗിയായും നടത്തണം.

(ഒപ്പ്)
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

സ്വീകർത്താവ്

1. ശ്രീ.എം.സേതുമാധവൻ,
   സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ (കമ്മ്യൂണിറ്റി മൊബലൈസേഷൻ)
2. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാരും

പകർപ്പ്

1. അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
2. ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. അക്കൗണ്ട്സ് ഓഫീസർ
5. ജൂനിയർ സൂപ്രണ്ട്
6. പി.എ. (സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ)
7. ബന്ധപ്പെട്ട എല്ലാവർക്കും
8. ശേഖരണഫയൽ

ഉത്തരവിൻ പ്രകാരം

Saratchandran

അക്കൗണ്ട്സ് ഓഫീസർ